ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ.

350. [38] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലവയൽ വാട്ടർവർക്സ് ഹെഡ്വർക്സ് ലേക്കുള്ള ഇലക്ട്രിക്ലൈൻ എക്സ്റ്റൻഷൻ താമസിച്ചുപോകാൻ പ്രത്യേക കാരണമെന്താണ് ;

(ബി) ഈ ഇനത്തിൽ ആവശ്യമായ പണം എത്രയെല്ലാം സാമ്പത്തികവർഷങ്ങളിൽ ബഡ്ജറ്റിൽ ചെയ്യപ്പെട്ടിട്ടുണ്ട് ;

(സി) ഈ ലൈൻ നീട്ടുന്നതിനുള്ള നടപടി ഈ സാമ്പത്തികവർഷത്തിൽ കർശനമായും നടപ്പിലാക്കാൻ ഗവണ്മെന്റ് ശ്രദ്ധിക്കുമോ ?

ഉത്തരം.

(എ) പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിന്റെ ആവശ്യാനുസരണം പ്രസ്തുത ലൈൻ എക്സ്റ്റൻഷൻ അന്വേഷണത്തിനു വിധേയമായെങ്കിലും ഈ പദ്ധതി ആദായകരമല്ലെന്നു കണ്ടതിനാൽ ഇതേവരെയും നടപ്പിലാക്കിയിട്ടില്ല.

(ബി) 1954–55–ൽ 40,000 രൂപയും, 1955–56–ൽ 25,000 രൂപയും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

(സി) മനിമം ചാർജ്ജിന്റെ ലഭിക്കുന്നപക്ഷം പ്രസ്തുത ലൈൻ എക്സ്റ്റൻഷൻ നടപ്പിലാക്കുന്നതാകുന്നു.

ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ.

351. [39] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളനാട് (നെടുമങ്ങാട് താലൂക്കിൽ) സെന്ററിലേക്കു പൂവച്ചൽനിന്നും ഇലക്ട്രിക്ക്ലൈൻ നീട്ടുന്നതിനുവേണ്ടി നാട്ടുകാർ സമർപ്പിച്ചിരുന്ന മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട് ;

(ബി) വെള്ളനാട് ഇലക്ട്രിസിറ്റി വിതരണം ചെയ്യപ്പെടുന്നതിന് എന്നത്തേക്കു കഴിയുമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്ന വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം.

(എ) വെള്ളനാട്ടേക്കു വൈദ്യുതവിതരണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ജോലി അടുത്തവർഷത്തെ പരിപാടിയിൽ ഉൾപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly